**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കളക്ടറേറ്റുകളും വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളും നവീകരിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കളക്ടറേറ്റുകളും, വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളും നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ട് പ്രകാരവും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും, ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് |

| | | | |
|---|---|---|---|
| | | | റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ഫർണിച്ചർ, ടോയ്‌ലറ്റുകൾ എന്നിവയും സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുന്നു.<br><br>അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.<br><br>കൂടാതെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ചുറ്റമതിൽ നിർമ്മാണം, അറ്റകുറ്റപ്പണി, അധികമുറി എന്നീ പ്രവൃത്തികൾക്കായും വില്ലേജുകളെ തെരഞ്ഞെടുത്ത് പ്രവൃത്തികൾ നിർവ്വഹിച്ച് വരുന്നുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളുടെ സേവനം ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | വില്ലേജ് ഓഫീസുകളുടെ സേവനം ജനസൗഹൃദമാക്കുന്നതിനും സേവനങ്ങൾ ഏറ്റവും വേഗത്തിൽ സുതാര്യമായി പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവർണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സേവനങ്ങൾ ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നത് വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നു തന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. അതിലൂടെ സർക്കാർ സേവനങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കുന്നതിനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാക്കുന്നതിനും സാധിക്കുന്നു. "കടലാസ് രഹിത വില്ലേജ് ഓഫീസ്" എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.റ്റി മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. അപ്രകാരം സംസ്ഥാനത്തെ 303വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഓഫീസ് സംവിധാനത്തിന്റെ ആധുനികീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (സി) | റവന്യൂ വകുപ്പിലെ ആധുനികീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 470 വില്ലേജുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുകയെന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ഹാർഡ് വെയർ പ്രൊക്യൂർമെന്റിനായി 2021-22 പ്ലാൻ ഫണ്ട് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ച് പരമാവധി ഓഫീസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിയ്ക്കുകയുണ്ടായി. കൂടാതെ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി Hardware procurement നടത്തുന്നതിന് 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും, ജില്ലാകളക്ടർമാർ സമർപ്പിച്ചിരുന്ന GAP റിപ്പോർട്ട് പരിശോധിച്ച് 2632 ലാപ് ടോപ്പുകൾ, 313 എ4 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ, 224 എ4 ഷീറ്റ്ഫെഡ് സ്കാനറുകൾ, 20 ഫ്ലാറ്റ് ബെഡ് സ്കാനറുകൾ, 4 എ3 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ എന്നിവ സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾക്കായി അനുവദിച്ചിട്ടുള്ളതുമാണ്. റവന്യൂ ഓഫീസുകളിൽ നിലവിലുള്ളതും, കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ഐ.റ്റി വകുപ്പിന്റെ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി സ്ക്രാപ് ചെയ്തശേഷം GAP റിപ്പോർട്ട് ലഭ്യമാക്കുവാൻ ജില്ലാകളക്ടർമാരോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കളക്ടേറ്റ് മുതൽ വില്ലേജ് തലംവരെയുള്ള റവന്യൂ ഓഫീസുകൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വില്ലേജുകളിൽ വിതരണം ചെയ്തിട്ടുള്ള ഉപകരണങ്ങൾക്ക് പുറമെ 2021 - 2022 സാമ്പത്തിക വർഷത്തിൽ 265 ലാപ്ടോപ്പുകൾ, 198 പ്രിന്ററുകൾ, 20 സ്കാനറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL - ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. അപ്രകാരം സംസ്ഥാനത്തെ 300 - ൽപ്പരം വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുവരുന്നു. |
| (ഡി) | സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ഡി) | വാർഷിക പദ്ധതി പ്രകാരമുള്ള സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 288 വില്ലേജ് ഓഫീസുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം 255 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം

### 1. ഇ-ഡിസ്ട്രിക്ട്

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

### 2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

### 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

### 4. റവന്യൂ ഇ-പെയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

### 5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)

ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തര ധനസഹായം, ഭവന നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. ജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തിരം ഓൺലൈൻ ആയി പ്രോസസ്സ് ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

### 6. റവന്യൂ മിത്രം

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

**7. റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ**

റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓൺലൈൻ അല്ലാത്ത പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

**10. FMB ഓൺലൈൻ**

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

**11. വില്ലേജ് വെബ് സൈറ്റ്**

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തിരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം**

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര

നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

**13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.

**14. ഭൂമി തരം മാറ്റം ഓൺലൈൻ**

2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ്. ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**15. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ**

നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ ഗവർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**16. എൻഡോസൾഫാൻ മൊഡ്യൂൾ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം. ആയതു വഴി എൻഡോസൾഫാൻ ദുരിതബാധിതർക്ക് നാളിതുവരെ 215,12,50,000/- രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

**17. RTI മൊഡ്യൂൾ**

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം. അപേക്ഷാ ഫീസ്, പകർപ്പ് ഫീസ് തുടങ്ങിയവ ഓൺലൈനായി പൊതുജനങ്ങൾക്ക് ഒടുക്കുവാൻ കഴിയുന്ന രീതിയിൽ ടി മൊഡ്യൂളുമായി ഇ-പെയ്മെന്റ് ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് ഈ മൊഡ്യൂൾ വഴി വിവരാവകാശ അപേക്ഷകൾ വകുപ്പിലേക്ക് സമർപ്പിക്കുവാനും ആവശ്യമായ ഫീസുകൾ ഒടുക്കുവാനും സാധിക്കുന്നതാണ്.

**അനുബന്ധം-2**

**സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി/റീബിൽഡ് കേരള പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം**

| പ്ലാൻ ഫണ്ട് - സ്മാർട്ട് വില്ലേജ് ഓഫീസ് | | | | |
|---|---|---|---|---|
| വർഷം | ഭരണാനുമതി ലഭിച്ച വില്ലേജുകളുടെ എണ്ണം | പണി പൂർത്തീകരിച്ചത് | പണി തുടരുന്നു | പണി ആരംഭിക്കേണ്ടവ |
| 2013-14 | 14 | 14 | | |
| 2014-15 | 11 | 11 | | |
| 2015-16 | 9 | 8 | 1 | |
| 2016-17 | 7 | 7 | | |
| 2017-18 | 39 | 39 | | |
| 2018-19 | 50 | 47 | 2 | 1 |
| 2019-20 | 50 | 27 | 15 | 8 |
| 2020-21 | 40 | 3 | 26 | 11 |
| 2021-22 | 40 | | 14 | 26 |
| 2022-23 | 28 | | | 28 |
| ആകെ | 288 | 156 | 58 | 74 |

| റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - സ്മാർട്ട് വില്ലേജ് ഓഫീസ് | | | |
|---|---|---|---|
| ഭരണാനുമതി ലഭിച്ച വില്ലേജുകളുടെ എണ്ണം | പണി പൂർത്തീകരിച്ചത് | പണി തുടരുന്നു | പണി ആരംഭിക്കേണ്ടവ |
| 255 | 35 | 204 | 16 |